➯ ലണ്ടനിൽ നടന്ന സമരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായ ആളാണ് ഞാൻ ➯

# ജനസഞ്ചയത്തിന്റെ അർത്ഥം മൂന്നാർ സമരം തിരുത്തിയെഴുതി

മൂന്നാറിലെ സ്ത്രീ തൊഴിലാളികളുടെ സമരം എന്തുകൊണ്ടെല്ലാമാണ് ചരിത്രപ്രധാനമായി മാറുന്നത്? എന്തെല്ലാം അഭാവങ്ങളെയാണ് അത് തുറന്നുകാണിച്ചത്? ഏതെല്ലാം വ്യാഖ്യാനങ്ങളെയാണ് അത് തിരുത്തിയത്?

**ഡോ. കെ. രവിരാമൻ**

2015 സെപ്തംബർ 29ന് കേരള യൂണിവേഴ്സിറ്റിലെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച സെമിനാറിൽ നടത്തിയ പ്രഭാഷണം.

**ഒരുപാട്** ചിന്തകൾ മുന്നോട്ടുവയ്ക്കുക എന്ന ചരിത്രദൗത്യമാണ് മൂന്നാർ സമരം നിർവഹിച്ചിരിക്കുന്നത്. Feminitude, women multitude (സ്ത്രീസഞ്ചയം) എന്നീ വാക്കുകളാണ് ഈ സമരത്തെ വിശേഷിപ്പിക്കുന്നതിനായി ഞാൻ ഉപയോഗിക്കുന്നത്. ആ വാക്കുകൾക്ക് അതിന്റേതായ historical context ഉണ്ട്. Multitude എന്ന വാക്കുമായി അത് ബന്ധപ്പെട്ട് കിടക്കുന്നു. അന്റോണിയോ നെഗ്രി, മൈക്കിൾ ഹാർട്ട് എന്നീ ചിന്തകരാണ് ഈ വാക്കിന് രൂപം നൽകിയത്. ജനസഞ്ചയം എന്ന് അവർ വിളിച്ചത് അടിസ്ഥാനപരമായി ഒരു western epistemology യുടെ (ജ്ഞാന സിദ്ധാന്തം) അടിസ്ഥാനത്തിലാണ്. എന്താണ് western epistemology എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. യൂറോപ്യൻ സാഹചര്യത്തിൽ ഒരു പരിവർത്തനം സംഭവിച്ചിട്ടുണ്ട്. കാർഷിക തൊഴിലാളികൾ പോയി പകരം വ്യവസായ തൊഴിലാളികൾ രൂപംകൊണ്ടു. ആ വ്യവസായ തൊഴിലാളികളും ഇന്ന് പഴയ രൂപത്തിലല്ല യൂറോപ്പിൽ നിലനിൽക്കുന്നത്. ബൗദ്ധികതലത്തിൽ ജോലി ചെയ്യുന്ന പുതിയ തൊഴിലാളി വർഗ്ഗമായി അവർ മാറി. തൊഴിലാളി വർഗ്ഗം എന്നത് ഞാൻ സൗകര്യത്തിനായി ഉപയോഗിക്കുന്ന വാക്കാണ്. പടിഞ്ഞാറൻ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ഒരു രൂപമാറ്റം സംഭവിച്ചിട്ടുണ്ട്. ഈ പടിഞ്ഞാറൻ ജ്ഞാനസിദ്ധാന്ത പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അവർ മൾട്ടിറ്റ്യൂഡ് (ജനസഞ്ചയം) എന്ന വാക്ക് ഉപയോഗിക്കുന്നത്.

അമേരിക്കയിലെ വാൾസ്ട്രീറ്റിലും ലണ്ടനിലുമുണ്ടായ ഒക്യുപൈ സമരങ്ങളിലും നടന്നത് അതുതന്നെയാണ്. അതിൽ ലണ്ടനിൽ നടന്ന സമരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായ ആളാണ് ഞാൻ. ആ അനുഭവ ത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയ കാര്യം അത് ഒരു അപ്പർ മിഡിൽക്ലാസ് മൾട്ടിറ്റ്യൂഡ് ആണെന്നതാണ്. വൈവിധ്യമുള്ള വിഭാഗങ്ങൾ അതിലുണ്ടായിരുന്നില്ല. അതിൽ നല്ലൊരു ശതമാനവും ഇംഗ്ലീഷുകാരായിരുന്നു. കുടിയേറ്റ തൊഴിലാളികളെയും കറുത്തവർഗ്ഗക്കാരെയും അതിൽ കാണാൻ കഴിഞ്ഞില്ല. അങ്ങനെയൊരു ജനസഞ്ചയത്തെയാണ് അവർ multitude എന്ന വാക്കുകൊണ്ട് ഉദ്ദേശിച്ചത്. Western epistemological background ൽ നിന്നും ഉയർത്തിക്കൊണ്ടുവന്ന ഒരു വ്യാഖ്യാനമാണതെന്ന് പറയുന്നത് അതുകൊണ്ടാണ്. പോർചുഗീസ് സോഷ്യോളജിസ്റ്റായ ബൊവെൻടുറ സാന്റോസിനെ പോലെയുള്ളവർ ഈ വ്യാ

⇨ ഇത്തരം പ്രതിരോധങ്ങളെ മൾട്ടിറ്റ്യൂഡ് എന്ന തലത്തിൽ നിന്നുകൊണ്ട് വ്യാഖ്യാനിക്കാൻ കഴിയില്ല ⇨



ഫോട്ടോ: വിഷ്ണു

ഖ്യാനത്തെ എതിർക്കുന്നുണ്ട്. ഗ്ലോബൽ സൗത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിന് ഈ വ്യാഖ്യാനം പര്യാപ്തമല്ല എന്ന് സാന്റോസ് പറയുന്നത് വളരെ പ്രധാനമാണ്. അതാണ് ഇവിടെയും സംഭവിച്ചിരിക്കുന്ന പ്രശ്നം. Western epistemological concept കളിൽ നിന്നുകൊണ്ട് നമുക്ക് മൂന്നാറിൽ നടക്കുന്ന സമരത്തെ വിശദീകരിക്കാൻ കഴിയില്ല.

കുറച്ചുസമയം മുമ്പ് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന സംഭവം നിങ്ങൾ എത്രപേർ അറിഞ്ഞുകാണുമെന്ന് അറിയില്ല. സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്തുകൊണ്ടിരുന്ന ചെങ്ങറയിൽ നിന്നുള്ള മൂന്ന് സമരപ്രവർത്തകർ സമീപത്തുള്ള മരത്തിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കി. ഉടൻ തന്നെ സർക്കാർ alert ആയി. കളക്ടർ ഇടപെട്ടു. പോലീസ് വന്നു, ഫയർഫോഴ്സ് വന്നു. അവർ താഴെയിറങ്ങാൻ സമ്മതിച്ചു. ഇത്തരം പ്രതിരോധങ്ങളെ മൾട്ടിറ്റ്യൂഡ് എന്ന തലത്തിൽ നിന്നുകൊണ്ട് വ്യാഖ്യാനിക്കാൻ കഴിയില്ല. ഗ്ലോബൽ സൗത്തിന് അതിന്റേതായ dynamics ഉണ്ട്, പ്രത്യേകതകളുമുണ്ട്. അതിൽ നിന്നുകൊണ്ടു മാത്രമെ അതിനെ വ്യാഖ്യാനിക്കാൻ കഴിയൂ. Western multitude നോടുള്ള ഒരു വിമർശം എന്ന രീതിയിലാണ് ഞാൻ feminitude, women multitude (സ്ത്രീസഞ്ചയം) എന്ന പ്രയോഗം നടത്തുന്നത്. അതിന്റെ പ്രായോഗിക രൂപമാണ് മൂന്നാറിൽ കണ്ടത്. അതുകൊണ്ടുതന്നെയാണ് അത് ചരിത്രപ്രധാന സമരമായി മാറുന്നത്. എപ്പോഴാണ് ഒരു സമരം ചരിത്രപ്രധാനമാകുന്നത്? When it challenges the ritualistic or institutionalised forms of resistance. അതാണ് ഇവിടെ സംഭവിച്ചത്. സംഘടിത തൊഴിലാളികൾ തന്നെ പഴയ രീതിയിൽ നിന്നും മാറിക്കൊണ്ട് ഒരു പുതിയ രീതി ആവിഷ്കരിച്ചിരിക്കുന്നു. വളരെ ചിന്താപരമായ ഒരു സംഭവമാണത്. മാർക്സിസ്റ്റ് പശ്ചാത്തലമുള്ളവർ തൊഴിലാളികൾക്ക് സ്വയം പ്രതിനിധാനം ചെയ്യാനുള്ള ശേഷിയില്ല എന്നാണ് വിശ്വസിച്ചിരുന്നത്. അവരെ പ്രതിനിധാനം ചെയ്യുക എന്ന ദൗത്യവുമായാണ് ട്രേഡ് യൂണിയൻ വരുന്നത്. ഗ്രാംഷിയെ പോലുള്ള ചിന്തകർ കുറച്ചുകൂടി കടന്ന് organic intellectuals കൂടി ഇതിലേക്ക് കടന്നുവരണമെന്ന് പറയുന്നു. ഇത്തരം വ്യാഖ്യാനങ്ങളെയെല്ലാം മറികടക്കുന്ന തരത്തിൽ organic intellectuals തൊഴിലാളികളിൽ നിന്നും രൂപംകൊള്ളുകയും അവർ സ്വയം ഒരു പ്രക്ഷോഭമായി മാറുകയുമാണ് മൂന്നാറിൽ സംഭവിച്ചത്. Ritualistic forms of resistance നെ അവർ മറികടന്നു എന്നു പറയുന്നത് അതുകൊണ്ടാണ്.

ഈ സമരം ചരിത്രപ്രധാനമായി മാറുന്ന

തിനുള്ള മറ്റൊരു കാരണം അത് കൂലിയുടെ പ്രശ്നം മാത്രമല്ല മുന്നോട്ടുവച്ചത് എന്നതാണ്. ബൃഹത്തായ ഒരു അജണ്ട അതിനുണ്ടായിരുന്നു. ഞാൻ അതിനെ theorise ചെയ്യുന്നത് രണ്ട് രീതിയിലാണ്. ഒന്നാമത്, മൂന്നാർ എന്ന് പറയുന്നത് രണ്ട് തരത്തിലുള്ള അഭാവങ്ങളുള്ള ഒരു ഇടമാണ്. ഒന്ന് സ്റ്റേറ്റിന്റെ അഭാവമാണ്, മറ്റൊന്ന് ട്രേഡ് യൂണിയന്റെയും. ട്രേഡ് യൂണിയൻ ഭൗതികമായി അവിടെയുണ്ട്. പക്ഷെ അവർക്ക് ഒരു spatial relation അവിടെയില്ല. ഒരു അസുഖം വന്ന് ട്രേഡ് യൂണിയൻ ഓഫീസിൽ ചെന്ന് സഹായം ചോദിച്ചാൽ പോലും അവർ ഇടപെടാത്ത അവസ്ഥയുണ്ടെന്ന് തൊഴിലാളികൾ എന്നോട് പറഞ്ഞിട്ടുണ്ട്. ആ place നെ spaces of bottom up resistence ആക്കുന്ന ഒരു പ്രക്രിയയാണ് അവിടെ നടക്കാത്തത്. (place ഉം spaces ഉം രണ്ടാണ്). ഒരു political

**15 മുതൽ 18 ശതമാനം വരെ വില കുറഞ്ഞപ്പോൾ 66 ശതമാനത്തോളം ലാഭം കുറഞ്ഞുവെന്നാണ് കമ്പനികൾ അവകാശപ്പെടുന്നത്. അതെങ്ങനെ സംഭവിക്കുന്നു? ചുരുങ്ങിയ പക്ഷം ഈ ചോദ്യത്തിനെങ്കിലും ഉത്തരം കണ്ടെത്താൻ മാധ്യമങ്ങൾ ശ്രമിക്കണമായിരുന്നു. കമ്പനികൾ അവരുടെ ബാലൻസ് ഷീറ്റിൽ ലാഭനഷ്ടങ്ങൾ കാണിക്കുന്ന രീതി തെറ്റാണ്.**

space ആയി ആ place നെ ട്രേഡ് യൂണിയനുകൾ മാറ്റിതീർത്തില്ല. ട്രേഡ് യൂണിയൻ ഉണ്ട് എന്നല്ലാതെ അവർ തൊഴിലാളികളുടെ നിത്യജീവിതത്തിൽ ഇടപെടുകയോ അവർക്ക് അനുകൂലമായ രീതിയിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. ഈ സമരം അതിനെ ചോദ്യം ചെയ്യുന്നുണ്ട്.

സ്റ്റേറ്റിന്റെ അഭാവം എന്ന സംഗതിയിലേക്ക് വരാം. 1947ൽ ഇറങ്ങിപ്പോകുമ്പോൾ സായിപ്പ് മൂന്നാറിനെക്കുറിച്ച് പറഞ്ഞ ഒരു കാര്യമുണ്ട്. ഈ ട്രാവൻകൂർ സ്റ്റേറ്റിനുള്ളിലെ മറ്റൊരു സ്റ്റേറ്റിലാണ് ഞങ്ങൾ ജീവിച്ചത് എന്നായിരുന്നു അവർ പറഞ്ഞത്. ഇന്നും പലതരത്തിൽ അതവിടെ നടക്കുന്നുണ്ട്. ജെയിംസ് ഫിൻലേയിൽ നിന്നും ടാറ്റയിലേക്കും അവിടെ നിന്നും എംപ്ലോയീ ബൈഔട്ടിലേക്കും മാറിയപ്പോഴൊന്നും തന്നെ ഒരു alienated space ആയി നിൽക്കുകയല്ലാതെ മൂന്നാർ തൊഴിലാളികളുടെ സ്വന്തം ഇടമായി മാറിയിട്ടില്ല. സ്റ്റേറ്റ് കൂടുതലായി പ്രവേശിച്ചുകൊണ്ട് പൗരത്വത്തിന്റെ ഒരു മണ്ഡലം അവിടെ സൃഷ്ടിക്കുന്നതിൽ വിജയിച്ചിട്ടുമില്ല. അതുകൊണ്ട് split personality ആയി നിൽക്കുകയാണ് തൊഴിലാളികൾ. ജോലിയിൽ നിന്നും വിരമിച്ചാൽ അടുത്ത ദിവസം അവർ തമിഴ്നാട്ടിലേക്ക് പോകും. കാരണങ്ങൾ പലതാണ്. കേരളത്തിൽ അവർക്ക് ഭൂമി കിട്ടില്ല. തമിഴ്നാട്ടിൽ വിലപേശലിനുള്ള ഒരു സാധ്യതയെങ്കിലും അവർക്ക് മുന്നിലുണ്ട്. കേരളത്തിൽ ആ വിലപേശൽ ഇടം മലയാളികൾ അപഹരിച്ചിരിക്കുകയാണ്. സ്റ്റേറ്റിന്റെ അഭാവം വരുമ്പോൾ വ്യക്തികൾ stateless ആയി മാറുന്നു. Statelessness ആണ് പൗരത്വത്തെ അപഹരിക്കുന്നത്. പൗരത്വമില്ലാത്തവർക്ക് ഒരിക്കലും ചരിത്രത്തിൽ ഇടം കണ്ടെത്താൻ കഴിയില്ല. ഒട്ടനവധി ഉദാഹരണങ്ങൾ നമുക്കുണ്ട്.

വലിയൊരു സാമ്രാജ്യം തന്നെയാണ് ജെയിംസ് ഫിൻലേ മൂന്നാറിൽ നിലനിർത്തിയിരുന്നത്. അതാണ് ടാറ്റാ വാങ്ങുന്നത്. തൊഴിലാളികൾക്ക് ഷെയർ കൊടുത്തു എന്ന് പറയുന്നതിൽ കാര്യമില്ല. തുച്ഛമായ ഷെയർ മാത്രമാണ് തൊഴിലാളികൾക്കുള്ളത്. ടാറ്റയ്ക്കും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർക്കുമാണ് കൂടുതൽ ഷെയറുകളുള്ളത്. അതിനാൽ മുതലാളിയുടേതായ അധികാരങ്ങൾ തൊഴിലാളിക്കില്ല. അവർ തൊഴിലാളികളായി തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. പിന്നെന്താണ് അവിടെ സംഭവിച്ചത്? അവരെ ഭംഗിയായി co-opt ചെയ്തു. അപ്പോഴാണ് വീണ്ടും അന്റോണിയോ നെഗ്രിയിലേക്കും ഗ്രാംഷിയിലേക്കും തിരിച്ചുപോകേണ്ടി വരുന്നത്. സ്റ്റേറ്റ് constituted form of power ആയിരിക്കുമ്പോൾ അതിനെ വെല്ലുവിളിക്കാൻ കഴിയുന്നത് constituent power നാണ്. ആ constituent power നെ ദുർബലപ്പെടുത്തുകയാണ് co-option process ചെയ്യുന്നത്. ആരെങ്കിലും പ്രതികരിക്കാൻ സാധ്യതയുണ്ടെങ്കിൽ അവരെക്കൂടി co-opt ചെയ്യുക എന്ന തന്ത്രം ഉപയോഗിച്ചാണ് ടാറ്റാ തൊഴിലാളികൾക്ക് ഷെയർ നൽകിയത്.

ഇന്ന് മൂന്നാറിൽ നടക്കുന്ന സമരത്തിൽ ട്രേഡ് യൂണിയനുകളും മാധ്യമങ്ങളും ആത്മാർത്ഥമായി ഇടപെടുന്നുണ്ടോ എന്നതിൽ എനിക്ക് സംശയമുണ്ട്. ഇവരൊന്നും യഥാർത്ഥ പ്രശ്നങ്ങൾ സംസാരിക്കുന്നതേയില്ല. കണ്ണൻ ദേവൻ കമ്പനിയുടെ ലാഭം 15 കോടിയിൽ നിന്നും 5 കോടിയായി കുറഞ്ഞതായി എല്ലാവരും പറയുന്നുണ്ട്. സ്റ്റേറ്റ് ഇടപെടുന്നില്ല എന്നതാണ് അതിന് കാരണമായി പറയുന്നത്. 15 മുതൽ 18 ശതമാനത്തിന് ഇടയിൽ

മാത്രമാണ് auction centre ൽ (ലേല കേന്ദ്രങ്ങൾ) വില കുറഞ്ഞിട്ടുള്ളത്. 15 മുതൽ 18 ശതമാനം വരെ വില കുറഞ്ഞപ്പോൾ 66 ശതമാനത്തോളം ലാഭം കുറഞ്ഞുവെന്നാണ് കമ്പനികൾ അവകാശപ്പെടുന്നത്. അതെങ്ങനെ സംഭവിക്കുന്നു? ചുരുങ്ങിയ പക്ഷം ഈ ചോദ്യത്തിനെങ്കിലും ഉത്തരം കണ്ടെത്താൻ മാധ്യമങ്ങൾ ശ്രമിക്കണമായിരുന്നു. കമ്പനികൾ അവരുടെ ബാലൻസ് ഷീറ്റിൽ ലാഭനഷ്ടങ്ങൾ കാണിക്കുന്ന രീതി തെറ്റാണ്. അതിനെ അക്കാദമിക്കലായി എതിർക്കാൻ നമുക്ക് ബാധ്യതയുണ്ട്. ലാഭം ഇത്തരത്തിലല്ല കാണിക്കേണ്ടത്. ഈ രീതി തെറ്റാണെന്ന് എത്രയോ കാലമായി അന്താരാഷ്ട്രതലത്തിൽ രാഷ്ട്രീയ വിദഗ്ധന്മാർ തെളിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സാമ്പ്രദായികമായ രീതിയിൽ ലാഭം കാണിക്കുന്നതുകൊണ്ടാണ് നെറ്റ് പ്രോഫിറ്റ് ഇത്രയും കുറച്ചുകാണിക്കാൻ ഇവർക്ക് കഴിയുന്നത്.

23 ശതമാനം വർദ്ധനവാണ് തേയ്മാനത്തിൽ (depreciation) കമ്പനി കാണിച്ചിരിക്കുന്നത്. എന്താണ് depreciation? നിങ്ങൾ ഒരു കാർ വാങ്ങുന്നു. അടുത്തവർഷം നിങ്ങൾ അതിന് 23 ശതമാനം depreciation എന്നെഴുതി വയ്ക്കുന്നു. Your car is there, your right is there, your wealth in the form of a profit is there. But still you want to say that 23 percent depreciation. ഇതാണ് കണ്ണൻ ദേവൻ കമ്പനിയും കാണിച്ചിരിക്കുന്നത്. സ്വാഭാവികമായും നെറ്റ് പ്രോഫിറ്റ് കുറയും. അന്താരാഷ്ട്രതലത്തിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഒരു രീതിയാണിത്. Sales growth എടുത്തു നോക്കിയാൽ വലിയ വളർച്ചയാണ് അവർക്ക് അക്കാര്യത്തിലുണ്ടായിരിക്കുന്നത്. 10 ശതമാനത്തിലേറെ വർദ്ധനവുണ്ട്. അതൊന്നും ആരും ചർച്ച ചെയ്യുന്നില്ല. ബോണസ് ലാഭത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് എവിടെയാണ് എഴുതിവച്ചിട്ടുള്ളത്? ലാഭം നോക്കിയിട്ടല്ല ബോണസ് കൊടുക്കേണ്ടതെന്ന് വ്യവസ്ഥയുണ്ട്. അവരുടെ സെയിൽസ് ഗ്രോത്ത് നോക്കാം, ഉത്പാദനം നോക്കാം, ഉത്പാദനക്ഷമത നോക്കാം, ഏത് ഇൻഡക്സ് എടുത്താലും ഈ തൊഴിലാളികൾ പറയുന്നത് ന്യായവും മാനേജ്മെന്റിന്റെ വാദങ്ങൾ തെറ്റുമാണ്. ഇതാണ് നമ്മൾ ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടത്. ഇത് ചൂണ്ടിക്കാണിച്ചാൽ മാത്രമേ ടാറ്റയെ പ്രതിരോധിക്കുന്നതിനൊപ്പം മറ്റ് ക്യാപ്പിറ്റലിനെയും ചോദ്യം ചെയ്യാൻ കഴിയൂ. ക്യാപ്പിറ്റൽ എന്നത് consolidated ആണ്. നൂറുകണക്കിന് പ്ലാന്റേഴ്സിന്റെ തേയില ലേലകേന്ദ്രങ്ങളിൽ (auction centre) എത്തുന്നുണ്ട്. ലേലകേന്ദ്രങ്ങളിൽ തേയിലയുടെ വില നിശ്ചയിക്കുന്നത് 5-6 ആളുകളാണ്. അതോടെ നൂറുകണക്കിന് പ്ലാന്റർമാരുടെ വിലപേശൽ ശേഷി ഒറ്റയടിക്ക്



ഫോട്ടോ: വിഷ്ണു

പൂജ്യമായി മാറുന്നു. ഇതിനെയാണ് ചോദ്യം ചെയ്യേണ്ടത്. ടാറ്റ ചോദ്യം ചെയ്യില്ല. കാരണം ടാറ്റ ഒരേ സമയം buying power ഉം marketing power ഉം ഉള്ള ഒരു ഇന്ത്യൻ ബൂർഷ്വാസിയാണ്. ട്രേഡ് യൂണിയനും ഇക്കാര്യത്തിൽ താത്പര്യമില്ല. തൊഴിലാളികൾക്ക് ഇക്കാര്യങ്ങൾ അറിയില്ല. ഇത്തരം പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്തുകൊണ്ട് മൂന്നാർ വിഷയത്തിൽ ഇടപെടാൻ കഴിയണം.

മൂന്നാറിലെ സമരം ഇപ്പോൾ ഒരു ഒറ്റപ്പെട്ട സമരമാണ്. ഇത്തരം സമരങ്ങളെ ക്രോഡീകരിക്കുന്ന ഒരു transverse solidarity politics ഉണ്ടാകേണ്ടതുണ്ട്. ഈ transverse solidarity politics കേരളത്തിൽ സജീവമായിരുന്ന സ്ഥലങ്ങളിലെല്ലാം സമരങ്ങൾ വിജയിച്ചിട്ടുണ്ട്. പ്ലാച്ചിമട സമരത്തിന്റെ വിജയത്തിന് ഒരു കാരണം അതാണ്. സിവിൽ സൊസൈറ്റി എജന്റ്സിന്റെ ഒരു സംയോജനം അവിടെ സംഭവിച്ചിട്ടുണ്ട് (consolidation of agentical plurality). അവർ places of resistence നെ spaces of bottom up resistence ആക്കി മാറ്റുന്ന ഒരു പ്രക്രിയയാണ് അവിടെ നടന്നത്. അതാണ് മൂന്നാറും നൽകുന്ന പാഠം.

കേരളത്തിൽ നിലനിൽക്കുന്ന പല കപട ചരിത്രത്തെയും (pseudo history) തുറന്നു കാണിക്കുന്നതിന് മൂന്നാർ സമരത്തിന് കഴിഞ്ഞു എന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ട്രേഡ് യൂണിയനുകളെക്കുറിച്ചുള്ള സങ്കൽപ്പമാണ് അതിലൊന്ന്. അവർ ഭയങ്കര റാഡിക്കലാണ്, വിപ്ലവകാരികളാണ് എന്ന് കരുതിയിരുന്ന ചരിത്രം തെറ്റാണെന്ന് മൂന്നാർ സമരം കാണിച്ചുതരുന്നു. മറ്റൊന്ന് എംപ്ലോയീ ബൈഔട്ടിനെയും പാർട്ടിസിപ്പേറ്ററി മാനേജ്മെന്റിനെയും കുറിച്ചുള്ള സങ്കൽപ്പങ്ങളാണ്. അത് ഒട്ടും പാർട്ടിസിപ്പേറ്ററി അല്ലെന്ന് ഈ സമരം തെളിയിച്ചു. വളരെ അടിമത്തം അനുഭവിക്കുന്ന ഒരു സ്ത്രീ സഞ്ചയമാണ് ഈ തൊഴിലാളികൾ എന്ന് തെളിഞ്ഞു.

അതുപോലെ ബോണസിനെക്കുറിച്ചുള്ള ചർച്ചയിൽ മിനിമം ബോണസായ 8.33 ശതമാനവും ബാക്കി തുക എക്സ് ഗ്രേഷ്യയുമായി (ex gratia) നൽകാനാണ് തീരുമാനിച്ചത്. എക്സ് ഗ്രേഷ്യ അടുത്തതവണ നിങ്ങൾക്ക് ആവശ്യപ്പെടാൻ കഴിയില്ല. ബോണസിനെ എക്സ് ഗ്രേഷ്യയായി മാറ്റിക്കൊണ്ട് തൊഴിലാളികളുടെ നിലവിലുള്ള അവകാശങ്ങളെപ്പോലും നിഷേധിക്കുകയാണ് മാനേജ്മെന്റ് ചെയ്തിരിക്കുന്നത്. ഹന്ന ആരെന്റ് എന്ന ചിന്തക 'rights to have rights'എന്ന വാദത്തിലൂടെ ഉന്നയിക്കുന്നതും ഇതേ കാര്യമാണ്. രണ്ടുതരം അവകാശങ്ങളെക്കുറിച്ചാണ് അവർ പറയുന്നത്. ഒന്ന് civil rights ഉം മറ്റൊന്ന് juridico political rights ഉം. ഇവ രണ്ടും ഒരേ സമയത്ത് തിരിച്ചുപിടിക്കുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെയാണ് ബോണസിന് പകരം എക്സ് ഗ്രേഷ്യവരുന്നത്. ലീഗൽ സിറ്റിസൺ എന്ന domain നിന്നും ആ വ്യക്തിയെ എടുത്തുമാറ്റുകയാണ്. You are refusing the right to have rights. ആ refusal ആണ് ഇപ്പോൾ ഇവിടെ നടന്നിരിക്കുന്നത്. ആ refusal നെയാണ് സ്റ്റേറ്റ് പൂർണ്ണമായും പിന്തുണച്ചിരിക്കുന്നത്. സ്റ്റേറ്റിന്റെ അഭാവം സജീവമായി നിലനിൽക്കുന്നതിന്റെ പ്രശ്നമാണിത്. വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ സ്വയം പുനരാവിഷ്കരിക്കാൻ കഴിയാത്തവിധം പരാജയപ്പെട്ടിരിക്കുന്നു. മൂന്നാർ ചർച്ചയിൽ ഞങ്ങളെക്കൂടി പങ്കെടുപ്പിക്കണമെന്ന് സ്ത്രീ തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടും അത് അംഗീകരിക്കാൻ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾക്ക് കഴിയാതിരുന്നത് അതിന് ഉദാഹരണമാണ്. അതംഗീകരിക്കുന്നതിനുള്ള ജനാധിപത്യബോധം വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾക്കുണ്ടായില്ല എന്നത് ഖേദകരമാണ്. ■


## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

പരിസ്ഥിതി-വിഭവസംരക്ഷണത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നടക്കുന്ന ജനകീയ സമരങ്ങളേയും പ്രശ്നങ്ങളേയും പരിചയപ്പെടുത്തുന്നതിനായി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനങ്ങൾ, പത്രവാർത്തകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുപ്രവർത്തകർക്കും പഠിതാക്കൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ രൂപകല്പന ചെയ്തിട്ടുള്ള കേരളീയം റിസോഴ്സ്സെന്ററിലേക്കും ഇത്തരം ഡോക്യുമെന്റുകൾ ആവശ്യമാണ്.

വിലാസം :
**കേരളീയം, കൊക്കാലെ, തൃശൂർ – 680021**
mailkeraleeyam@gmail.com

## കോപ്പി കിട്ടുന്നില്ലെങ്കിൽ

കേരളീയം കോപ്പി നിങ്ങൾക്ക് പോസ്റ്റലായി കിട്ടുന്നില്ലെങ്കിൽ വിളിക്കുക. 9633958912